**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **03-03-2025 - ൽ മറുപടിയ്ക്ക്**

**കേസുകളുടെ ഭാഗമായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കേസുകളുടെ ഭാഗമായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ കിടന്നു നശിക്കുന്നതിനാൽ സർക്കാർ ഖജനാവിൽ മുതൽക്കൂട്ടേണ്ട വലിയ തുക നഷ്ടപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | വിവിധ കേസുകളിൽ ഉൾപ്പെട്ടു പിടിച്ചെടുക്കുന്ന വാഹനങ്ങൾ അതതു പോലീസ് സ്റ്റേഷൻ പരിസരത്തു കൂട്ടിയിടുന്നത് ഒഴിവാക്കുന്നതിനും, പരിസ്ഥിതി പ്രശ്നങ്ങൾ തടയുന്നതിനും വേണ്ടി ഓരോ വാഹനത്തിന്റെയും കേസിന്റെ അവസ്ഥ അനുസരിച്ച്, കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, RC ഉടമസ്ഥർക്കു വിട്ടുനല്കിയും, ലേല നടപടികൾ സ്വീകരിച്ചും വരികയാണ്. അവകാശികൾ ഇല്ലാത്തതും ഉപേക്ഷിക്കപ്പെട്ടതുമായ വാഹനങ്ങൾ തരം തിരിച്ചു കണ്ടെത്തി, വാഹനങ്ങൾ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എല്ലാ പോലീസ് ജില്ലകളിലും MSTC പ്ലാറ്റ് ഫോം മുഖാന്തരം ഓൺലൈൻ ലേലം നടത്തി ലഭ്യമാകുന്ന തുക, സർക്കാർ ഖജനാവിലേക്കു മുതൽക്കൂട്ടി വരുന്നുണ്ട്. |
| (ബി) | കേസുകളുടെ ഭാഗമായി പിടിച്ചെടുത്ത എത്ര വാഹനങ്ങൾ നിലവിൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലുണ്ടെന്നതിന്റെ വിശദാംശം ജില്ല അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) | വിവിധ കേസുകളുടെ ഭാഗമായി പിടിച്ചെടുത്ത്, പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതും ഖജനാവിന് നഷ്ടം വരുത്തുന്നതുമായ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വിവിധ കേസുകളുടെ ഭാഗമായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ സമയബന്ധിതമായി ഡിസ്പോസ് ചെയ്യുന്നതു സംബന്ധിച്ച്, 11.09.2018-ലെ സ.ഉ(അച്ചടി) നം. 60/2018/ആഭ്യന്തരം നമ്പർ ഉത്തരവു പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി പരിശോധനയ്ക്കു ശേഷം Upset Value കുറച്ചു നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും ഏൽപ്പിച്ചു നൽകി, 14.11.2022-ൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | വാഹനങ്ങളുടെ എണ്ണം (24.02.2025 വരെയുള്ള കണക്ക്). |
|---|---|
| തിരുവനന്തപുരം സിറ്റി | 234 |
| തിരുവനന്തപുരംറൂറൽ | 1747 |
| കൊല്ലം സിറ്റി | 1138 |
| കൊല്ലം റൂറൽ | 938 |
| പത്തനംതിട്ട | 533 |
| ആലപ്പുഴ | 1301 |
| കോട്ടയം | 1418 |
| ഇടുക്കി | 893 |
| എറണാകുളം സിറ്റി | 813 |
| എറണാകുളം റൂറൽ | 1445 |
| തൃശ്ശൂർ സിറ്റി | 2223 |
| തൃശ്ശൂർ റൂറൽ | 2728 |

| | |
|---|---|
| പാലക്കാട് | 3189 |
| മലപ്പുറം | 2131 |
| കോഴിക്കോട് സിറ്റി | 1282 |
| കോഴിക്കോട് റൂറൽ | 673 |
| വയനാട് | 402 |
| കണ്ണൂർ സിറ്റി | 609 |
| കണ്ണൂർ റൂറൽ | 782 |
| കാസർഗോഡ് | 1709 |
| റെയിൽവേസ് | 7 |
| **ആകെ** | **26195** |